## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വയനാട്, പാലക്കാട്, തൃശൂർ എന്നീ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾക്കാവശ്യമായ തെരുവ് വിളക്കുകളും മറ്റ് ഇലക്ട്രിക് സാധനങ്ങളും അനുബന്ധ ഉപകരണങ്ങളും ക്രൂസിൽ നിന്നും വാങ്ങുന്നതിന് കൂടി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

സ.ഉ.(സാധാ).1334/2014/തസ്വഭവ　　　　തിരുവനന്തപുരം , തീയതി 29.05.2014

---

പരാമർശം:- 1) 05.06.2013 ലെ സ.ഉ. (സാധാ) 1469/2013/തസ്വഭവ നമ്പർ ഉത്തരവ്

2) 21.05.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.11-ാം നമ്പർ തീരുമാനം.

### ഉത്തരവ്

ഗ്രാമപഞ്ചായത്തുകൾക്കാവശ്യമായ തെരുവ് വിളക്കുകളും, മറ്റ് ഇലക്ട്രിക് സാധനങ്ങളും അനുബന്ധ ഉപകരണങ്ങളും നിലവിലെ മാർക്കറ്റ് വിലയെക്കാൾ കുറഞ്ഞ വിലയിൽ ഓപ്പൺ ടെണ്ടർ വഴി വാങ്ങി വിതരണം ചെയ്യുന്നതിന് ക്രൂസിന് അനുമതി നൽകുകയും, ആദ്യഘട്ടമെന്ന നിലയിൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾക്കാവശ്യമായ തെരുവ് വിളക്കുകളും, മറ്റ് ഇലക്ട്രിക് സാധനങ്ങളും, അനുബന്ധ ഉപകരണങ്ങളും ക്രൂസ് മുഖേന മാത്രമേ വാങ്ങാവൂ എന്ന് നിർദ്ദേശം നൽകിയും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഈ പദ്ധതി വയനാട്, പാലക്കാട്, തൃശൂർ എന്നീ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾക്കും ബാധകമാക്കണമെന്ന ക്രൂസിന്റെ ആവശ്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (2) ലെ തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ വയനാട്, പാലക്കാട്, തൃശൂർ എന്നീ ജില്ലകളിലെയും ഗ്രാമപഞ്ചായത്തുകൾക്ക് ടി സാധന സാമഗ്രികൾ വാങ്ങി വിതരണം ചെയ്യുന്നതിന് ക്രൂസിന് അനുമതി നൽകിയും, ടി സാധന സാമഗ്രികൾ ക്രൂസിൽ നിന്നും വാങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.ആർ.കൃപാനന്ദൻ
അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ക്രൂസ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ